കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിളിമാനൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ എസ്.എ/റ്റി.വി.എം/ജി.പി.9/1846 /18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി : 24.09.2018
Phone No : 0471-2331231
Email : lfadtvm@yahoo.in,
dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിളിമാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ എസ്.എ/റ്റി.വി.എം/ജി.പി.9/1846 /18 തീയതി : 24.09.2018

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09/08/2017മുതൽ 31/07/2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാജൻലാൽ.എസ്.ജെ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.08.2018 മുതൽ 18.08.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി.സജികുമാർ, ഓഡിറ്റ്ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി. ശാലിനി.വി.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. തനൂജ.എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിനോദ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അരുൺ ദേവ് .വി.ആർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | കാലയളവ് | മേൽവിലാസം |
|---|---|---|
| ശ്രീമതി.എസ്.രാജലക്ഷ്മി അമ്മാൾ (പ്രസിഡന്റ്) | 01.04.2017മുതൽ 31.03.2018 വരെ | ഉത്രാടം, കണ്ണയംകോട്, ചെങ്കിക്കുന്ന്, കിളിമാനൂർ പി.ഒ |
| ശ്രീ.ബാബുനന്ദകുമാർ (സെക്രട്ടറി) | 01.04.2017മുതൽ 31.03.2018 വരെ | നന്ദനം, പോങ്ങനാട് പി.ഒ, കിളിമാനൂർ |

നിർവ്വഹണ അധികാരികൾ

| തസ്തിക | പേര് | കാലയളവ് | വിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ബാബുനന്ദകുമാർ (സെക്രട്ടറി) | 01.04.2017മുതൽ 31.03.2018 വരെ | നന്ദനം, പോങ്ങനാട് പി.ഒ, കിളിമാനൂർ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീ.കെ.സുധീർ | 01.04.2017 മുതൽ 11.06.2017 വരെ | 3ഡി, ഹൊറൈസൺ പാർക്ക്, ആൽത്തറ റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം |
| | ശ്രീമതി.സിന്ധുഭാസ്കർ | 12.06.2017 മുതൽ 31.03.2018 വരെ | അനുപം, കോട്ടുക്കൽ പി.ഒ, അഞ്ചൽ, കൊല്ലം |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീബ.എസ് | 01.04.2017മുതൽ 31.03.2018 വരെ | ജന്നത്ത്, അവനവഞ്ചേരി പി.ഒ, ആറ്റിങ്ങൽ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റിയാസ്.എ.എം | 01.04.2017 മുതൽ 08.11.2017 വരെ | ഖാദരിയ മൻസിൽ, ചടയമംഗലം(പി.ഒ), 691534 |
| | ശ്രീമതി.സുജാത | 09.11.2017മുതൽ 31.03.2018 വരെ | ഗോകുലം, മൈവള്ളിക്കോണം, വെഞ്ഞാറമൂട് പി.ഒ |
| വെറ്ററിനറി സർജൻ | ഡോ.ശാലുമോൾ.എസ് | 01.04.2017മുതൽ 31.03.2018 വരെ | കരുണ, പേരയം, കുണ്ടറ, കുമ്പളം പി.ഒ, കൊല്ലം |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ത്രേസി.ജെ | 01.04.2017മുതൽ 31.03.2018 വരെ | സൗമ്യഭവൻ,ഖാദി ജംഗ്ഷൻ, മണ്ണൂർക്കോണം പി.ഒ, നെടുമങ്ങാട് |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | ശ്രീമതി.സ്മിത രാജ് | 01.04.2017മുതൽ 26.06.2017 വരെ | ഉഷാരം, നന്നൻകുഴി, കട്ടച്ചൽകുഴി(പി.ഒ), ബാലരാമപുരം 695501 |
| | 27.06.2017 മുതൽ 20.07.2017 വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇല്ലായിരുന്നു | | |

| | | | |
|---|---|---|---|
| | ശ്രീമതി.സൗമ്യ | 21.07.2017മുതൽ 04.10.2017 വരെ | സൗമ്യഭവൻ, ആലത്തുകാവ്, പോങ്ങനാട്(പി.ഒ), 695601 |
| | 05.10.2017 മുതൽ 07.12.2017 വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇല്ലായിരുന്നു | | |
| | ശ്രീ. ബിനു.കെ | 08.12.2017മുതൽ 31.03.2018 വരെ | ഉത്രട്ടാതി, പുല്ലയിൽ(പി.ഒ), കിളിമാനൂർ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | ശ്രീ.ഷാജി | 01.04.2017മുതൽ 26.06.2017 വരെ | ദീപനിവാസ്, കരവാരം(പി.ഒ), കല്ലമ്പലം |
| | 27.06.2017 മുതൽ 20.07.2017 വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇല്ലായിരുന്നു | | |
| | ശ്രീമതി.ഷഫ്ന | 21.07.2017മുതൽ 31.03.2018 വരെ | ദാറുൽസലാം, തെക്കേക്കോണം, തേമ്പാംമൂട്, പുല്ലമ്പാറ(പി.ഒ) |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുധീർ ജേക്കബ് | 01.04.2017മുതൽ 31.03.2018 വരെ | പ്രേംസുജ, ഐ.എ.എസ് അക്കാഡമിക്ക് എതിർവശം, ചാരച്ചിറ, കവടിയാർ പി.ഒ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവകുമാർ.വി.പി | 01.04.2017മുതൽ 31.03.2018 വരെ | പുഷ്പകം, R6,TC55/2033(1), രാംനഗർ,പാപ്പനംകോട്, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പി.ഷൈല | 01.04.2017മുതൽ 31.03.2018 വരെ | വലിയവീട്, താന്നിക്കമുക്ക്, പെരിനാട് പി.ഒ, കൊല്ലം |
| ഹെഡ്മാസ്റ്റർ | ശ്രീ.അഹമ്മദ്കണ്ണ് | 01.04.2017മുതൽ 30.06.2017 വരെ | റിയാസ് മൻസിൽ, പുളിമാത്ത്(പി.ഒ) |

| | | | |
|---|---|---|---|
| | ശ്രീമതി.ശാന്ത.റ്റി.വി | 01.07.2017മുതൽ 31.03.2018 വരെ | പ്ലാവിളവീട്, മടവൂർ, പള്ളിക്കൽ പി.ഒ |



ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കാത്തതു മൂലം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു. | 2-3 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-4 |
| 17 | *സഞ്ചയ പ്രകാരമുള്ള സ്ഥാപനങ്ങൾ പൂർണ്ണമായും ലൈസൻസ് ഫീ , തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.* | 2-5 |

| | | |
|---|---|---|
| 18 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കിളിമാന്നൂർ ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്യിട്ടില്ല. | 2-6 |
| | ഭാഗം 3 | |
| 19 | സുലേഖപ്രകാരമുള്ള എകസ്പെൻഡിച്ചർ സ്റ്റേററുമെൻറും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-1 |
| 20 | പിരിച്ചെടുത്ത ലൈബ്രറി സെസ്സ് പൂർണ്ണമായും ഒടുക്കുന്നില്ല – ബാലൻസ് ഷീറ്റിൽ ബാധ്യത | 3-2 |
| 21 | ഗുണഭോക്തൃലിസ്റ്റിൻെറ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി | 3-3 |
| 22 | ഗ്രാമസഭയെ മറികടന്ന് ആനുകൂല്യം നൽകി | 3-4 |
| 23 | മലയാമഠം പി എച്ച് സി സബ് സെൻറർ ഇലക്ട്രിഫിക്കേഷൻ., ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരൻെറ ലാഭവിഹിതം ,ഓവർഹെഡ് ചാർജ്ജ് എന്നിവ നല്കി, ,6146 രൂപാ അധികം നല്കി | 3-5 |
| 24 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല, 62,376/ രൂപയുടെ നഷ്ടം | 3-6 |
| 25 | പ്രോജക്ട് തയ്യാറാക്കിയതിലെ അപാകത അംഗനവാടി കെട്ടിട നിർമ്മാണത്തിന് അനുവദിച്ച 26,10,000/- രൂപ നഷ്ടപ്പെട്ടു. | 3-7 |
| 26 | ആസൂത്രണത്തിലെ പിഴവ്- സബ്സിഡിത്തുക പൂർണ്ണമായും വിതരണം ചെയ്യില്ല | 3-8 |
| 27 | ഓട്ടോറിക്ഷ വാങ്ങൽ- ആർ.സി ബുക്കിൻെറ പകർപ്പില്ല | 3-9 |
| 28 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,68,400/- രൂപ തടസ്സപ്പെടുത്തുന്നു | 3-10 |
| 29 | ഡെപ്പോസിറ്റ് വർക്കുകളിൽ എഗ്രിമെൻറ്, വിനിയോഗസാക്ഷ്യപത്രം എന്നിവയില്ല- തുക തടസ്സം ചെയ്യുന്ന 24,66,329/- രൂപ | 3-11 |
| 30 | തൊഴിലുറപ്പ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല | 3-12 |
| 31 | ആസൂത്രണത്തിലെ വീഴ്ച – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-13 |
| 32 | ആവശ്യകതാ നിർണ്ണയത്തിലെ വീഴ്ച- പദ്ധതി നടപ്പാക്കിയില്ല | 3-14 |
| 33 | പാലിയേറ്റീവ് കെയർ പദ്ധതിക്ക് വിഹിതം നൽകൽ-1,00,000/-രൂപ തടസ്സം | 3-15 |

| | | |
|---|---|---|
| 34 | മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ അപാകതകൾ 2,32,880/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 35 | ഹോമിയോ ഡിസ്പെൻസറി -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-17 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീയതി | 31.03.2017 |
| തീരുമാനം നമ്പർ | 1 |
| പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 256000000 |
| ചെലവ് | 248300000 |
| നീക്കിയിരിപ്പ് | 7700000 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 02.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻ ബാക്കി | 10096537 |
| വരവ് | 56338487 |
| ആകെ | 66435024 |
| ചെലവ് | 62069305 |
| നീക്കിയിരുപ്പ് | 4365719 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 10837283 | 10837283 | 10837283 | 0 |
| വികസനഫണ്ട് റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 6105456 | 6105456 | 6105456 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 11407421 | 11407421 | 11407421 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 2316678 | 2316678 | 2316678 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5775034 | 5775034 | 5775034 | 0 |
| KLGSDP | 0 | 1949738 | 1949738 | 1949738 | 0 |
| ജനറൽ പർപ്പസ് | 1896182 | 7295000 | 9191182 | 9750169 | - 558987 |
| ഡി.സി.ബി സാക്ഷരത | 2349 | 0 | 2349 | 0 | 2349 |
| MNREGS | 1926 | 1046649 | 1048575 | 1046036 | 2539 |
| Joint Venture | 529966 | 1225616 | 1755582 | 2148134 | 392552 |
| ബി ഫണ്ട് | 0 | 208920 | 208920 | 208920 | 0 |
| തനത് ഫണ്ട് | 7611615 | 8103526 | 15715141 | 10469937 | 5245204 |
| ക്യാഷ് | 54499 | 51433 | 105932 | 54499 | 51433 |
| SBI-e payment | - | 15733 | 15733 | - | 15733 |
| ആകെ | 10096537 | 56338487 | 66435024 | 62069305 | 4365719 |

<u>തനതു വരുമാനം</u>

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1551725 | 1602540 | 50815 | 3.27 |
| കെട്ടിട നികുതി | 3077277 | 2857593 | - 219684 | - 7.13 |
| നികുതിയേതര വരവുകൾ | | | | |
| ഡി & ഒ ലൈസൻസ് | 66100 | 57200 | - 8900 | - 13.46 |
| മറ്റ് വരവുകൾ | 1858635 | 520286 | - 1338349 | -72 |
| ആകെ | 6494037 | 5037619 | - 1617748 | - 24.91 |

## 1-6 പദ്ധതി അവവോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 60746629 | 125 | 41238932 | 32 | 5 | 77.16 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1. 161/18 ഗാർഹിക റിങ്ങ് കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കൽ

2. 162/18 ഗാർഹിക പൈപ്പ് കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കൽ

3. 179/18 സ്കൂളുകളിലും സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

4. 164/18 അജൈവ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ

## 1-7 തൊഴിലുറപ്പ് പദ്ധതി

2017-18സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| 2017-18സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 111 |
| 2017-18സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1386 |
| 2017-18സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1422 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |

| | |
|---|---|
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 203 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 203 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 15 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 15 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 474 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 191 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 103 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 51562 |
| ലേബർ കംബോണന്റ് | 140.26 |
| ആകെ വരവ് | 174.52 |
| ആകെ ചെലവ് | 173.49 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1926 | 1046649 | 1048575 | 889035.45 | 2539.55 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 157000 | |
| ആകെ | 1926 | 1046649 | 1048575 | 1046035.45 | 2539.55 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 5345600 | 462 |
| തൊഴിൽരഹിത വേതനം | 208920 | 361 |
| വിധവാ പെൻഷൻ | 11762000 | 1030 |
| വികലാംഗ പെൻഷൻ | 2802500 | 230 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 253900 | 94 |
| വാർദ്ധക്യ പെൻഷൻ | 23345200 | 1892 |

| | | |
|---|---|---|
| ആകെ | 43718120 | 4069 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.18 രാവിലെ 10.10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2132/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജന രേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ ഈ വാങ്ങലുകൾ ക്രമപ്രകാരമല്ല നടത്തിവരുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം വ്യക്തമായ കാരണം കൂടാതെ റീടെണ്ടർ നടത്തുകയും അതുവഴി പഞ്ചായത്തിന് അധികബാദ്ധ്യത വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും അവരവരുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചതായി ബോദ്ധ്യപ്പെട്ടിട്ടില്ല. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റിപ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.2018 | 05/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2012 | 2011-12 | 09.07.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

നടപടിക്രമം

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | ലഭിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | ധനകാര്യം - 15/03/17<br>ആര്യോഗ്യ വിദ്യാഭ്യാസം - 06/03/17<br>വികസനം - 24/3/17<br>ക്ഷേമം - 30/1/17 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 15/3/17 |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 24/03/17, തീരുമാനം 1 |
| 6 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 27/03/17, തീരുമാനം 1 |
| 7 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 31/03/17, തീരുമാനം 1 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചിട്ടില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.(2017-18 ബഡ്ജറ്റ് 20/02/18 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും 12/03/18 ലെ പഞ്ചായത്ത് കമ്മിറ്റിയിലും വച്ച് പുതുക്കിയിട്ടുണ്ട്).

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കസ്തൂർബാ സർവ്വീസ് സഹകരണബാങ്ക് | I & II |
| എസ്.ബി.ഐ, പോങ്ങനാട് | I |
| മുത്തൂറ്റ് മെക്രോ ഫിനാൻസ് ലിമിറ്റഡ് | I & II |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് എല്ലാ സ്ഥാപനങ്ങൾക്കും കുടിശ്ശിക തുക ഒടുക്കുന്നതിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. കുടിശ്ശിക ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ

## ലൈസൻസ് ഫീ ഈടാക്കാത്തതു മൂലം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു.

ഡി & ഒ രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതിൽ താഴെ പറയുന്നവർ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| പേര് , മേൽവിലാസം | വാർഡ് നം, കെട്ടിട നം | സ്ഥാപനം |
|---|---|---|
| ശ്രീ.എസ്.ഉദയവർമ്മ, കക്കോട്ട് വീട്, പോങ്ങനാട് | XIV / 58 | പലചരക്ക് വ്യാപാരം |
| ശ്രീ.ഗോപാലകൃഷ്ണൻ, പനവിളവീട്, പോങ്ങനാട് | XIV / 247 | സ്റ്റേഷനറി |
| ശ്രീ.ഗോപാലകൃഷ്ണൻ, വിഷ്ണുഭവൻ, പോങ്ങനാട് | XIV / 61 | ബേക്കറി |
| ശ്രീമതി.അംബിക.പി, ശാന്തിഭവൻ, ആലത്തുകാവ്, പോങ്ങനാട് | XIII/100C | തടിമിൽ |
| ശ്രീ.ശശിധരൻ, ശശിവിലാസം, മലയ്ക്കൽ | III/14 | പലചരക്ക് വ്യാപാരം |
| ശ്രീമതിഅനില.എസ്.വെ, അനിതഭവൻ, അരൂർ, പോങ്ങനാട് | XIV/321 | കറിപൗഡർ ഗോഡൗൺ |
| ശ്രീമതി. പ്രിജി സുരേഷ് , നന്ദനം, കടമ്പാട്ടുകോണം, മലയാമഠം | VIII/553 | പച്ചക്കറി വ്യാപാരം |
| ശ്രീ.അജികുമാർ.എ, അജിവിലാസം, കിഴക്കനേല, പുലിയൂർക്കോണം | II/151 | ഫോട്ടോ സ്റ്റുഡിയോ |
| ശ്രീ.എ.ആർ.അനിൽകുമാർ, രാധമന്ദിരം, പനപ്പാംകുന്ന്, മലയ്ക്കൽ | II/186 | ന്യൂ ഇന്ത്യ അഷ്വറൻസ് പോർട്ടൽ ഓഫീസ് |
| ശ്രീ.സജിത്ത്.എസ്, സി.എസ് മന്ദിരം, ഇ.എസ്.ഐ ജംഗ്ഷൻ, പാരിപ്പള്ളി | II/185 | മെഡിക്കൽസ് |
| ശ്രീ.സൈനുദീൻ, അഷറഫ് മൻസിൽ, പുലിയൂർക്കോണം | II/447 | ഫ്ലവർമിൽ |
| ശ്രീ. രാജു, പേഴവിളവീട്, പോങ്ങനാട് | XIV/682 | റൈസ്മിൽ |
| ശ്രീ.സതീഷ്, രാജിഭവൻ, മലയ്ക്കൽ, പനപ്പാംകുന്ന് | III/500A | സ്റ്റേഷനറി |
| ശ്രീ.അൻവർ.എസ്, ദാറുൾ അജീന, പുലിപ്പാറ, പാങ്ങോട് | XIV/75 | കസ്റ്റമർ കെയർ സെന്റർ |

| | | |
|---|---|---|
| ശ്രീ. ബിജോയ് ബാബു, കിണറ്റുവിളാകം, പേരേറ്റിൽ, മാങ്കോട് | VII/432E | സ്പെയർ പാർട്സ് കട |
| ശ്രീ.സുദർശനകുമാർ, ദേവിമെഡിക്കൽ സെന്റർ, പുതിയകാവ് | X/IIIA | മെഡിക്കൽ സ്റ്റോർ |
| ശ്രീ.അനിസ്ജംതിയാസ്, AWO(T)12, പോങ്ങനാട് | XIV/649 | റേഷൻമൊത്ത വ്യാപാരം |
| ശ്രീ.ഷംനാദ്, അയ്യപ്പൻകാവ്, കിളിമാനൂർ | VIII/427 | സ്റ്റേഷനറി |
| ശ്രീമതി. ലത.കെ, അവന്തിയിൽ, മുളക്കലത്ത്കാവ്, ആറൂർ | IV/366 | പലചരക്ക് വ്യാപാരം |
| ശ്രീ.ഷാജിലത്ത് ബീവി, മാങ്കോട്ട് വീട്, മുളക്കലത്ത്കാവ് | IV/544 | തുണികട |
| ശ്രീ.ഹംസകുഞ്ഞ്, റാസിമാൻസിൽ, പുതിയകാവ്, കിളിമാനൂർ | VIII/448 | സ്റ്റേഷനറി |
| ശ്രീ.എം.ഷാജഹാൻ, എസ്.എസ്.മൻസിൽ, തോപ്പിൽ, മുളക്കലത്ത്കാവ് | IV/179 | പലചരക്ക് വ്യാപാരം |
| ശ്രീ.വി.ശ്രീദേവൻ, എസ്.ആർ.നിവാസ്, ഉണ്ണൂർക്കോണം, പോങ്ങനാട് | V/7 | സ്റ്റേഷനറി |
| ശ്രീ.ശ്രീദേവൻ, എസ്.ആർ.നിവാസ്, ഉണ്ണൂർക്കോണം, പോങ്ങനാട് | V/6 | റബ്ബർ വ്യാപാരം |
| ശ്രീ.രത്നാകരൻ, കീഴേതട്ടിൽവീട്, ആലത്തുകാവ്, കിളിമാനൂർ | XIII/326 | ഫ്ലവർമിൽ |
| ശ്രീ.സുരേഷ്ബാബു, സൂര്യോദയം, ചാമ്പുറം, പാരിപ്പള്ളി | XII/158 | മെഴുകുതിരി , സോപ്പ് വിൽപന |
| ശ്രീ.രാധാകൃഷ്ണൻ, ആർ.എസ്.ബിൽഡിംഗ്, പുതിയകാവ്, കിളിമാനൂർ | IX/75B | ഫ്ലവർമാർട്ട് |
| ശ്രീ.ശിവശങ്കരപിള്ള, കൃഷ്ണാലയം, മലയാമഠം, കിളിമാനൂർ | VIII/557 | പലചരക്ക് വ്യാപാരം |

| | | |
|---|---|---|
| ശ്രീ.സുരേഷ്കുമാർ,<br>പി.എസ്.ഭവൻ,<br>മലയ്ക്കൽ, കിളിമാനൂർ | II/215 | കെട്ടിട നിർമ്മാണ ഓഫീസ് |
| ശ്രീ.നിസ്സാറുദ്ദീൻ,<br>ഡാന ഹൗസ്, മടന്തപ്പച്ച, പുതുശ്ശേരിമുക്ക് | XIV/489 AB | ബിൽഡിംഗ് മെറ്റീരിയൽസ് |
| ശ്രീമതി.ലക്ഷ്മി രാജേഷ്,<br>പത്മാനിവാസ്, കോട്ടർഭാഗം, പുനലൂർ | VIII/349 | ഫാൻസി & സ്റ്റേഷനറി |
| ശ്രീ.നസീർ, അമൽവില്ല,<br>ചാത്രതോണം | XIV/49 | ഫാൻസി സ്റ്റോർ |
| ശ്രീ.സജു.വി.എസ്, പാർവ്വതി മന്ദിരം,<br>മുളയ്ക്കലത്തുകാവ്, കിളിമാനൂർ | IX/565A | ടൈലറിംഗ് |
| ശ്രീമതി.സുകന്യ.എസ്.ആർ,<br>ചന്തവിളവീട്, മലയ്ക്കൽ | IX/565B | ഫാൻസി സ്റ്റോർ |
| ശ്രീ.ഹജിലാൽ.ജി.എൽ,<br>ജി.എൽ നിവാസ്, ചിതറ | IV/365 | മെഡിക്കൽ സ്റ്റോർ |
| ശ്രീമതി.മുംതാസ്,<br>ഷാപ്പുകടവീട്, പള്ളിമുക്ക്, ആലംകോട് | VIII/679F | സിമന്റ് വിൽപന |
| ശ്രീമതി.നാജിറ നിഹാസ്, സഫയർ,<br>വട്ടപ്പാറ, കിളിമാനൂർ | VII/456 | ഹാർഡ് വെയർ വിൽപന |
| ശ്രീ.ഷറഫുദ്ദീൻ, സൈനമാൻസിൽ,<br>പാൽകുളങ്ങര, കൊല്ലം | III/561 ABCD | കശുവണ്ടി സംസ്കരണം |
| ശ്രീ.സുരേഷ്കുമാർ, സുരേഷ്ഭവൻ, കടവൂർ | XIII/54 | ഫർണീച്ചർ വ്യാപാരം |
| ശ്രീ.അഷറഫ്, പുത്തൻകടവീട്,<br>ആർ.ആർ.വി കിളിമാനൂർ | IX/333A | ഫ്ലവർമിൽ |
| ശ്രീമതി.ബീന, സ്മിതഭവൻ, പുതിയകാവ്,<br>കിളിമാനൂർ | X/190 | തയ്യൽകട |
| ശ്രീ.ജാഫറുദ്ദീൻ, അസിംവില്ല,<br>ആർ.ആർ.വി കിളിമാനൂർ | VII/381 | സ്റ്റേഷനറി |
| ശ്രീ.ശ്രീകുമാർ, പാറയിൽവീട്,<br>മലയാമഠം, കിളിമാനൂർ | VIII/562 | വെൽഡിംഗ് വർക്ക്സ് |
| ശ്രീമതി.രാജി.ആർ.സി, അലമാട്ടുവീട്,<br>ആറ്റൂർ, പോങ്ങനാട് | XIV/122 | തയ്യൽകട |

| | | |
|---|---|---|
| ശ്രീമതി.സുജാത.എം.ദാസ്, ഉദയശ്രീ, കല്ലാക്കോണം, കിളിമാനൂർ | VII/699 | ഫ്ലവർമിൽ |
| ശ്രീ.നിസാമുദ്ദീൻ, നിസ്സാം മൻസിൽ, തലവിള, പേരൂർ | XIV/447 | ബേക്കറി |
| ശ്രീ.ദിനു.എ.ഡി, ബിജുഭവൻ, കീഴ്പേരൂർ | XIV/40 | ഫോട്ടോസ്റ്റാറ്റ് |
| ശ്രീ.ഷിജു, കുന്നിൽവീട്, വെള്ളല്ലൂർ | XI/392 | തുണിക്കട |
| ശ്രീ.രവീന്ദ്രൻ നായർ, ബാലകൃഷ്ണവിലാസം, മലയ്ക്കൽ, കിളിമാനൂർ | II/220 | വളം ഡിപ്പോ |
| ശ്രീ.ഗിരീഷ്കുമാർ, ജി.എസ്.ഭവൻ, മലയ്ക്കൽ, കിളിമാനൂർ | XV | ബേക്കറി |
| ശ്രീ.സ്റ്റാലിജോസഫ്, തൈപറമ്പിൽ, ഭഗവതി നഗർ, കവടിയാർ | IV/447 | ക്ലീനിക്ക് |
| ശ്രീ.പ്രദീപ്കുമാർ, എഞ്ചുവിള വീട്, കിളിമാനൂർ | IX/17 | പാൽഉത്പന്ന വിതരണം |
| ശ്രീ.മനോജ്.പി.ആർ, കൃഷ്ണഭവൻ, പോങ്ങനാട്, കിളിമാനൂർ | XIV/38 | ഫർണ്ണീച്ചർ കട |
| ശ്രീ.മനോജ് കുമാർ, ലക്ഷ്മി മാധവം, പോങ്ങനാട്, കിളിമാനൂർ | XIV/329 | സൂപ്പർമാർക്കറ്റ് |
| ശ്രീ.ദീപക്, ശ്രീരാജ്ഭവൻ, കീഴ്പേരൂർ, പോങ്ങനാട് | IV/400 | ബ്യൂട്ടിപാർലർ |
| ശ്രീ.ഗിരീഷ്കുമാർ, പടിഞ്ഞാറപുറത്ത് വീട്, പോങ്ങനാട് | IV/491B | കമ്പ്യൂട്ടർ സർവ്വീസ് സെന്റർ |
| ശ്രീ.ശെൽവം, ഹൈറനമാൻസിൽ, കടമ്പാട്ടുകോണം, കിളിമാനൂർ | VII/29B | പലഹാര നിർമ്മാണം |
| ശ്രീ.യശോധരൻ പിള്ള, കെ.എസ്.ഭവൻ, പോങ്ങനാട്, കിളിമാനൂർ | XIV/486B | ഹാർഡ് വെയർ |
| ശ്രീമതി.ആനിറോയ്, പ്ലാവിളപുത്തൻവീട്, നല്ലില, കൊല്ലം | I/291A | കശുവണ്ടി ഫാക്ടറി |
| ശ്രീമതി.രതി, രതിഭവൻ, കണ്ണയംകോട്, കിളിമാനൂർ | XII/300 | തയ്യൽക്കട |

| | | |
|---|---|---|
| ശ്രീ.ബൈജു, ആശാവീട്, ചൂട്ടയിൽ, കിളിമാനൂർ | XII/112 | കാർപെന്ററി വർക്ക്ഷോപ്പ് |
| ശ്രീമതി.ഗിരിജകുമാരി, കെ.കെ.ഭവൻ, പരുത്തൻകോട്, മലയ്ക്കൽ | II/438 | സ്റ്റേഷനറി |
| ശ്രീ.സുനിൽ, സുരത് ഭവൻ, കണ്ണയംകോട്, കിളിമാനൂർ | IX/451B | പലചരക്ക് കച്ചവടം |
| ശ്രീ.ജിനുമോൻ.കെ.കെ, കാഞ്ഞിരത്തുംകുടി, കൊമ്പനാട് | XI/402 | തേയില കറിപൗഡർ വ്യാപാരം |
| ശ്രീ.രാജൻ ആചാരി, കുമാർസദനം, പോങ്ങനാട്, കിളിമാനൂർ | XV/14K | ജ്വലറി വർക്ക്ഷോപ്പ് |
| ശ്രീമതി.രജിത കുമാരി, അനുഗ്രഹ, വിളയ്ക്കാട്ടുകോണം, കിളിമാനൂർ | VIII/124D | തയ്യൽകട |
| ശ്രീമതി.അംബിക, എ.ബി.ഭവൻ, മണ്ണികോണം, മടവൂർ | I/315 | പലചരക്ക് കട |
| ശ്രീമതി.രത്നമ്മ.വി, ശശിഭവനം, മുളയ്ക്കലത്തുകാവ്, പുതുമംഗലം | IV/437 | കോഴിഫാം |
| ശ്രീമതി.മിനിലക്ഷ്മി, അജയ്ഭവൻ, ചൂട്ടയിൽ, കിളിമാനൂർ | X/152 | ഡി.റ്റി.പി സെന്റർ |
| ശ്രീ.എം.സൈനുദ്ദീൻ, സഫീനാമൻസിൽ, വിലങ്ങറ, തട്ടത്തുമല | III/383 | സ്റ്റേഷനറി |
| ശ്രീമതി.അമ്മിണി.എം, ചരുവിളവീട്, കണ്ണയംകോട്, കിളിമാനൂർ | XII/457 | തയ്യൽകട |
| ശ്രീ.പ്രഭാകരകുറുപ്പ്, കാർത്തിക, കൊയ്യാലും മൂട്, മടവൂർ | III/602A | സിമന്റ് കട്ട നിർമ്മാണം |
| ശ്രീമതി.രമ്യ, ചൈതന്യ, മേലേകോണം, വാലൻചേരി | XIV/486G | ഫിസിയോതെറാപ്പി ക്ലീനിക്ക് |
| ശ്രീ.സുമേഷ്.ആർ, ചൈത്രം, മേലേകോണം, വാലൻചേരി | XIV/486F | സ്റ്റേഷനറി |
| ശ്രീ.ബഷീർ, സജീർ മൻസിൽ, ചൂട്ടയിൽ, കിളിമാനൂർ | X/413 | ഹോട്ടൽ |
| ശ്രീ.രാജേഷ്.എസ്.എൽ, അജിതമന്ദിരം, വാലംചേരി, കിളിമാനൂർ | VIII/458 | ഫർണീച്ചർ വ്യാപാരം |

| | | |
|---|---|---|
| ശ്രീമതി.ജെസിമോൾ, ശാരദാമന്ദിരം, മുക്ക്റോഡ്, കിളിമാനൂർ | XI/253 | കാലിത്തീറ്റവ്യാപാരം |
| ശ്രീ.എസ്.സുനിൽ.എസ്.ജെ, തോട്ടത്തിൽ, ആലത്തുകാവ് | XIV/564DE | വെൽഡിംഗ് വർക്ക്സ് |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 ന് ഇതിൽ പരാമർശിച്ചിട്ടുള്ള മിക്ക സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി പിഴയോടൊപ്പം ലൈസൻസ് ഫീ ഈടാക്കി കൊണ്ടിരിക്കുകയാണെന്നും ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പിഴയോടൊപ്പം ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നും മറുപടി ലഭിച്ചു.എന്നാൽ ഇതിൽ എത്ര സ്ഥാപനങ്ങൾക്കാണ് നോട്ടീസ് നൽകി ഫീ ഈടാക്കിയിട്ടുള്ളതെന്നും ഇനി എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക ഈടാക്കാനുണ്ടെന്നുമുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കൃത്യത ഇല്ലാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം പൂർണ്ണമായും ലഭിക്കുന്നില്ല. ലൈസൻസ് ഫീ പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മിനിട്സ് പരിശോധിച്ചതിൽ ഇക്കാര്യം ചർച്ചയ്ക്ക് വിധേയമാക്കുകയോ ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലിലൂടെ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-5 സഞ്ചയ പ്രകാരമുള്ള സ്ഥാപനങ്ങൾ പൂർണ്ണമായും ലൈസൻസ് ഫീ , തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള ചുവടെ പറയുന്ന 1187 കെട്ടിടങ്ങളുണ്ട്

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ , ഗോഡൗൺ, ഷോപ്പുകൾ | 18 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ , ഗോഡൗൺ, ഷോപ്പുകൾ | 1168 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 1 |
| ആകെ | 1187 |

എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ 249 സ്ഥാപനങ്ങളേ ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളൂ.

2. സാജൻ ക്ലീനിക്ക്, പോങ്ങനാട് 2017-18 ൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ കെട്ടിടങ്ങളുടെ വിവരത്തിൽ ഈ സ്ഥാപനം ഉൾപ്പെടുകയോ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. ഡി & ഒ രജിസ്റ്റർ പ്രകാരവും മേൽ സ്ഥാപനം ലൈസൻസ് പുതുക്കിയിട്ടില്ല.

3. സഞ്ചയ പ്രകാരം ആശുപത്രി എന്ന ഹെഡിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ വസ്തു നികുതി ഒടുക്കിയിട്ടുണ്ട് എന്നാൽ തൊഴിൽ നികുതി ഇനത്തിലോ, ഡി & ഒ ലൈസൻസ് ഇനത്തിലോ ഇവ ഉൾപ്പെട്ടിട്ടില്ല.

| Sl.No | Building ID | Door NO | Owner Name | Owner Address |
|---|---|---|---|---|
| 1 | 50232010010844 | 14/435/ | NASEERUDHEEN | SABEEL MANZIL |

| | | | | |
|---|---|---|---|---|
| 2 | 50232010007076 | 14/569/ | Vijayachandran | K. V. clinic |

4. സഞ്ചയ പ്രകാരം വിദ്യാഭ്യാസ ആവശ്യം എന്ന ഹെഡിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടവരിൽ ഈടാക്കിയിട്ടില്ല.

| Sl.No | Building ID | Door NO | Owner Name | Owner Address | remarks |
|---|---|---|---|---|---|
| 1 | 50232010013238 | 5/383/B | NAVASUDHEEN | KALIYILIL VEEDU | സഞ്ചയപ്രകാരം നികുതി ഒടുക്കിയിട്ടില്ല |
| 2 | 50232010003788 | 9/33 | T K Reghu | Geetanjali | |
| 3 | 50232010004172 | 9/310 | A.M.Nazeer | Anish Bhavan | |
| 4 | 50232010004747 | 9/380 | Krishnakumar Varma | Sasthalayam | |
| 5 | 50232010009577 | 10/150 | Shajahan | Karakkattuvilaveedu | |
| 6 | 50232010011660 | 10/161 | Nazar | Nazar manzil | |
| 7 | 50232010011381 | 10/163 | shajahan | reimas manzil | |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ ആകെയുള്ള 15 വാർഡുകളിൽ 3 വാർഡുകളിൽ മാത്രമാണ് വാണിജ്യാവശ്യത്തിന് കടമുറികൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതെന്നും ആകെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും പ്രവർത്തിക്കാതെ അടഞ്ഞുകിടക്കുകയാണെന്നും ആയതിൽ 1/4 കടമുറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നും മറുപടി ലഭിച്ചു. എന്നാൽ ഇതിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും എത്ര സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നുവെന്നും ഉള്ളതിന്റെ വിശദാംശം ലഭ്യമല്ല. ഇത്തരത്തിൽ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പൂർണ്ണമായും തുക ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചചെയ്തിട്ടില്ല.

## 2-6 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കിളിമാനൂർ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്തിട്ടില്ല.

ഇ -ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക കിളിമാനൂർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഇ -ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിൽ ലഭിക്കേണ്ട തുകകളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ലഭിക്കുവാനുള്ള തുക |
|---|---|---|
| 1 | 2016-17 | 65650 |
| 2 | 2017-18 | 115800 |

| | | |
|---|---|---|
| | ആകെ | 181450 |

ഇത് സംബന്ധിച്ച് 13-08-2018 ൽ നല്കിയ (നം. 12) ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറിയുടെ ഓഫീസിൽ നിന്നാണ് തുക ഈടാക്കേണ്ടതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്നുള്ള മറുപടിയാണ് അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത്. നാളിതുവരെ ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവുവരുത്തിയിട്ടുള്ള തുകകൾ കിളിമാന്നൂർ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സുലേഖപ്രകാരമുള്ള എകസ്പെൻഡിച്ചർ സ്റ്റേററുമെൻറും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. -4

പേര് - ടെക്നിക്കൽ അസിസ്റ്റൻറിന് ഹോണറേറിയം

അടങ്കൽ - തനത് ഫണ്ട് 2,52,000/-

പ്രസ്തുത പദ്ധതിക്ക് വൗച്ചർ നം. 21700005/3.4.17, 21700068/2.5.17, 21700157/2.6.17, 21700256/1.7.17, 21700340/3.8.17, 21700409/25.8.17, 21700545/17.10.17, 21700601/1.11.17, 21700691/6.12.17, 21700780/6.1.18, 21700839/1.2.18, 21700900/2.3.18 എന്നിവ പ്രകാരം 2,49,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖയിലെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം 1,47,000/- രൂപയുടെ ചെലവ് മാത്രമേ കാണുന്നുള്ളൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15 ന് ലഭ്യമാക്കിയ മറുപടിയിൽ 2,49,000/- രൂപ തനത് ഫണ്ട് ചെലവ് ചെയ്തെങ്കിലും പദ്ധതി അംഗീകാരം ലഭിച്ച് സുലേഖ സോഫ്റ്റ് വെയറിലൂടെ ചെലവ് ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിന് താമസം വന്നതിനാൽ പിന്നീട് തുക (1,02000) തനത് ഫണ്ട് തന്നെ ആയതിനാലും വാലിഡേഷനെ ബാധിക്കുന്നില്ലായെന്നതുകൊണ്ടും സോഫ്റ്റ് വെയർ മുഖേന റീക്യൂപ്പ് ചെയ്തിട്ടില്ലായെന്നും മറുപടി ലഭിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പിരിച്ചെടുത്ത ലൈബ്രറി സെസ്സ് പൂർണ്ണമായും ഒടുക്കുന്നില്ല – ബാലൻസ് ഷീറ്റിൽ ബാധ്യത

07.11.2017 ലെ 21700600 നം വൗച്ചർ പ്രകാരം 1,36,841/- രൂപ 2016-17 രണ്ടാം പകുതി, 2017-18 ആദ്യ പകുതി എന്നീ കാലയളവിലെ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത് സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകിയിട്ടുണ്ട്. എന്നാൽ AFS പ്രകാരം ടി കാലയളവിൽ 1,38,840/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. 2016-17 രണ്ടാം പകുതി, 2017-18 ആദ്യ പകുതി എന്നി കാലയളവിൽ പിരിച്ചെടുത്ത വസ്തുനികുതിയുടെ 5% പ്രത്യേകമായി കണക്കാക്കിയതിനാലാണ് ഇപ്രകാരം AFS പ്രകാരം പിരിച്ചെടുത്തതിനേക്കാൾ കുറവ് തുക ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | AFS പ്രകാരം പിരിച്ചെടുത്ത വസ്തുനികുതി | AFS പ്രകാരം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് | വസ്തുനികുതിയുടെ 5% | വ്യത്യാസം |
|---|---|---|---|---|
| 2016-17 രണ്ടാം പകുതി | 2230961 | 113094 | 111548 | 1546 |
| 2017-18 ആദ്യ പകുതി | 505852 | 25746 | 25293 | 453 |

| | | | | |
|---|---|---|---|---|
| ആകെ | 2736813 | 138840 | 136841 | 1999 |

ഇങ്ങനെ AFS പ്രകാരം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് പൂർണമായും ഒടുക്കാതിരുന്നാൽ ബാലൻസ് ഷീറ്റിൽ ബാധ്യത, ഇക ഒടുക്കിയാലും, നിലനിൽക്കും. കൂടാതെ ഓരോ വർഷം കഴിയുമ്പോഴും ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കും. ആയതിനാൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-3 ഗുണഭോക്തൃലിസ്റ്റിൻെറ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രോജക്റ്റ് നം. - S0143/18

പേര് - ആട്ടുവളർത്തൽ (ജനറൽ)

അടങ്കൽ - വികസനഫണ്ട് 240000

ഗുണഭോക്തൃ വിഹിതം 240000

ചെലവ് - ബിൽ നം. FVC KP 17/17-18/16.3.2018- 72000

ചെക്ക് നം.2348182/18.3.18 -72000

ആട് ഒന്നിന് 8000/- രൂപ നിരക്കിൽ രണ്ടു ആടിനെ വാങ്ങുമ്പോൾ 50% സബ്സിഡി നൽകുന്നു. തീറ്റച്ചെലവ്, കൂട് എന്നിവയുടെ ചെലവ് ഗുണഭോക്താവ് വഹിക്കത്തക്ക രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മുൻഗണനാക്രമം മറികടന്ന് ക്രമ നം.64, 80,130, 132, 136,156, 166, 174 എന്നീ നമ്പറുകളിലെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 26 ന് ലഭ്യമാക്കിയ മറുപടിയിൽ ആട്ടു വളർത്തൽ ഗുണഭോക്താക്കൾ കുറവായിരുന്നതിനാൽ ആദ്യം വരുന്ന ആൾക്കാർക്ക് ലിസ്റ്റിൽ ഉണ്ടെങ്കിൽ ആനുകൂല്യം നൽകാൻ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിരുന്നുവെന്നും ആ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്നുമാണ് അറിയിച്ചിരിക്കുന്നത്. 25.11.2017ലെ തീരുമാനം 49(1) പ്രകാരം താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് മെമ്പർമാരുടെ ശുപാർശ കത്തിൻെറ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കുലർ നം. 34704/ഡി.പി-1/2003/ത.സ്വ.ഭ.വ 4.8.03 പ്രകാരം ഒരിക്കൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിച്ച് തയ്യാറാക്കി ഗുണഭോക്തൃലിസ്റ്റ് യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് എന്നിരിക്കെ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകിയത് മേൽ ഉത്തരവുകളുടെ ലംഘനമാണ്. വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്തൃലിസ്റ്റിൻെറ മുൻഗണനാക്രമം പാലിച്ചുകൊണ്ടു തന്നെ ആനുകൂല്യം നൽകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 ഗ്രാമസഭയെ മറികടന്ന് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. - SO145/18

പേര് - കറവയുള്ള പശു

അടങ്കൽ - വികസനഫണ്ട് 11,25,000/-

ഗുണഭോക്തൃവിഹിതം 11,25,000/-

ചെലവ് - ബിൽ നം. FVC kP7/17-18/6.1.18- 1,75,000/-

FVC/KP 9/17-18/6.1.18 – 150000

FVC KP 10/17-18/20.1.18 – 175000

FVC KP 11/17-18/20.1.18 – 100000

FVC KP 16/17-18/13.3.18-125000

FVC KP 18/17-18/16.3.18- 75000

FVC KP 22/17-18/22.3.18-125000

FVC KP 21/17-18/22.3.18 -25000

FVC KP20/17-18/22.3.18-50000

FVC KP 23/17-18/27.3.18- 125000

45 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വിലയുള്ള പശുവിന് 50% സബ്സിഡി അനുവദിച്ചുകൊണ്ട് പശുവിനെ വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. (25,000/- രൂപ കർഷകൻ അടയ്ക്കേണ്ടത്). കാലിത്തൊഴുത്ത് നിർമ്മാണം, തീറ്റച്ചെലവ് മുതലായവ കർഷകൻ വഹിക്കണമെന്നായിരുന്നു വ്യവസ്ഥ. നിർവ്വഹണ ഉദ്യോഗസ്ഥ ആനുകൂല്യം നൽകിയിട്ടുള്ളത് കമ്മിറ്റി അംഗീകരിച്ച നൽകിയിട്ടുള്ള ഗുണഭോക്താക്കൾക്കാണെങ്കിലും അതിൽആനുകൂല്യം ലഭിച്ചിട്ടുള്ള പല ഗുണഭോക്താക്കളും ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളവരല്ല. പല കമ്മിറ്റിതീരുമാനങ്ങളിലും പദ്ധതി തുക നഷ്ടപ്പെടാതിരിക്കാൻ പല വ്യക്തികൾക്കും ആനുകൂല്യം നൽകുന്നതിന് ശുപാർശ ചെയ്യുകയും അടുത്ത ഗ്രാമസഭയിൽ അത് അംഗീകരിപ്പിക്കുന്നത് വാർഡ് മെമ്പർമാരുടെ ഉത്തരവാദിത്തമാക്കിയും തീരുമാനിച്ചിട്ടുണ്ട്. ആയത് ഗുണഭോക്തൃലിസ്റ്റ് തെരഞ്ഞെടുപ്പിൻെറ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

ഉദാഹരണമായി 11-ാം വാർഡിലെ ബിനുമോൾ, താഴത്തുവീട്, ചൂട്ടയിൽ, നജീന, ചരുവിള വീട്, ചൂട്ടയിൽഎന്നീ ഗുണഭോക്താക്കൾക്ക് 14.2.2018ലെ 2/1 തീരുമാനം പ്രകാരം സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടെ ആനുകൂല്യം നൽകിയിട്ടുണ്ട്.പ്രസ്തുത വാർഡിലെ ഗ്രാമസഭ 20.10.2017 ന ശേഷം 25.2.2018ലാണ് ചേർന്നിട്ടുള്ളത്. അതിൽ മേൽ ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടില്ല. 9ാം വാർഡിലെ ആരിഫാബീവി, നിജ്ജമൻസിൽ ,നിയർ GHSS എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിന് 8.2.2018ലെ തീരുമാനം 27 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 22.10.2017 നശേഷം 24.2.2018നാണ് ഗ്രാമസഭ ചേർന്നിരിക്കുന്നത്. പ്രസ്തുത ഗ്രാമസഭയിൽ മേൽഗുണഭോക്താവിനെ അംഗീകരിച്ചിട്ടില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് ഗുണഭോക്തൃതെരഞ്ഞെടുപ്പിൻെറ മാനദണ്ഡങ്ങളുടെ ലംഘനമാണ്. ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കേതന്നെ അവരുടെ അനുമതി കൂടാതെ അഡീഷണൽ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഹരണമായി ക്രമനം.4, 10, 11, 12, 13 എന്നീ ഗുണഭോക്താക്കളുടെ ആനുകൂല്യത്തിന് താൽപ്പര്യമില്ലായെന്ന സമ്മതപത്രം കൂടാതെ തന്നെ അതിനുശേഷമുള്ള ക്രമനമ്പരുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.30.10.2017ലെ തീരുമാനം8/1 പ്രകാരം നിലവിലുള്ള ലിസ്റ്റിൽ ആനുകൂല്യം ആവശ്യമില്ലാത്തവരെ വാർഡ് മെമ്പർമാർ ശുപാർശ കത്ത് നൽകുന്ന മുറയ്ക്ക് ഒഴിവാക്കി മറ്റുള്ളവർക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 24.5.2018ലെ തീരുമാനം 10/1 പ്രകാരം പശുവിനെ വാങ്ങാൻ താൽപര്യമില്ലാത്ത കർഷകരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇതും ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ ലംഘനമാണ്. ഗുണഭോക്താവ് സ്വയമേ താൽപര്യരഹിതപത്രം നൽകുന്നതിന് പകരം മെമ്പർ ലിസ്റ്റ് തയ്യാറാക്കി നൽകുന്നത് അംഗീകരിക്കാവുന്നതല്ല. വികസനകാര്യസ്റ്റാാൻഡിംഗ് കമ്മിറ്റി ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 മലയാമഠം പി എച്ച് സി സബ് സെൻ്റർ ഇലക്ട്രിഫിക്കേഷൻ., ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരൻ്റെ ലാഭവിഹിതം,ഓവർഹെഡ് ചാർജ്ജ് എന്നിവ നല്കി, 6,146/- രൂപ അധികം നല്കി.

ശ്രീ.സോമരാജക്കുറുപ്പ് കൺവീനറായി ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയാണ് മലയാമഠം പി.എച്ച്.സി സബ് സെൻ്റർ ഇലക്ട്രിഫിക്കേഷൻ. (കരാർ56/AE/LSGD/ KMR/17-18, 03-01-2018) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരൻ്റെ ലാഭവിഹിതം(10%), ഓവർഹെഡ് ചാർജ്ജ് (5%)എന്നിവ ഉൾപ്പെട്ടിട്ടുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഇതുമൂലം തഴെക്കൊടുത്തിട്ടുള്ളപ്രകാരം തുക അധികം നല്കിയിട്ടുണ്ട്.

പ്രവൃത്തിമൂല്യം കണക്കാക്കിയിരിക്കുന്ന തുക-47,116/-രൂപ

കരാറുകാരൻ്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നല്കേണ്ടിയിരുന്ന തുക-47116x100/115=40970രൂപ

അധികം നല്കിയ തുക-47116-40970=6146രൂപ

ബിൽ വിവരം താഴെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം-47116രൂപ

എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജ്-1413രൂപ

ചെക്ക് മെഷർമെന്റ് ചാർജ്ജ് -471രൂപ

ആകെ -49,000/-രൂപ

ബിൽനം-57/17-18,14-03-18 അധികം നല്കിയ 6,146/- രൂപ നിരാകരിക്കുന്നു.

ഇപ്രകാരം നിർവ്വഹണം നടത്തിയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/17-08-2018) തുടർ നടപടികൾക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിംഗിന് ഓഡിറ്റ് അന്വേഷണത്തിന്റെ പകർപ്പ് കൈമാറിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്.

ഗുണഭോക്തൃസമിതിയുമായി കരാർ വച്ചിട്ടുള്ളതും, ബിൽ തുക നല്കിയിട്ടുള്ളതും അസി എഞ്ചിനീയർ എൽ.എസ്.ജി. ഡി യാണ്.കരാറുകാരന്റെ ലാഭവിഹിതം(10%), ഓവർഹെഡ് ചാർജ്ജ്(5%)എന്നിവ ഒഴിവാക്കി യാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ അധികം നല്കിയിട്ടുള്ള 6,146/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ, ഗുണഭോക്തൃസമിതിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-6 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല, 62,376/- രൂപയുടെ നഷ്ടം

2012-ലെ പൊതുമരാമത്ത് മാന്വൽ 2009.6. ടെണ്ടർ ഫോമിലെ വ്യവസ്ഥ (40,41) എന്നിവ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നുവരുന്ന 10 ദിവസത്തേയ്ക്ക് കരാർതുകയുടെ 1% ഈടാക്കിക്കൊണ്ട് കരാർവയ്ക്കുവാൻ അനുവദിക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വയ്ക്കാതിരുന്നാൽ കരാർ വയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദ് ചെയ്ത് നിരത ദ്രവ്യം സ്ഥാപനത്തിൽ മുതൽ കൂട്ടേണ്ടതാണ്. താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നോട്ടീസ് നല്കിയ തീയതി | പിഴ കൂടാതെ കരാറിലേർപ്പെടേണ്ട അവസാന തീയതി | കരാറിലേർപ്പെട്ട തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | പോങ്ങനാട് കള്ളിക്കാട് റോഡ് രണ്ടാം മെറ്റലിംഗ്<br>കരാർ തുക -203000 | 08/12/16 | 22-12-2016 | 16-01-2017 | 2030 |
| 2 | പ്ലാക്കാട് കളത്തറ റോഡ്<br>കരാർ തുക-202635 | 08/12/16 | 22-12-2016 | 16-01-2017 | 2026 |
| 3 | ചരുകോമം റോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-188416 | 17-08-17 | 31-08-17 | 19-09-17 | 1884 |
| 4 | മങ്കാട്മണ്ണക്കിനാട് റോഡ്കോൺക്രീറ്റിംഗ്<br>കരാർ തുക-186754 | 29-08-17 | 12/09/17 | 17-10-17 | 1868 |
| 5 | പേരയിൽ പരത്താൻ കോട് റോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-194132 | 17-08-17 | 31-08-2017 | 25-09-17 | 1941 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | പുളിമ്പള്ളിക്കോണം വട്ടക്കൈത റോഡ്<br>കരാർ തുക-714722 | 05/10/17 | 19-10-17 | 27-10-17 | 7147 |
| 7 | പോങ്ങനാട് ആയുർവേദ ഹോസ്പിറ്റൽ റോഡ്<br>കരാർ തുക-549556 | 08/10/17 | 22-10-17 | 27-10-17 | 5496 |
| 8 | ചെങ്കിക്കുന്ന് കായാട്ടുകോണം റോഡ്<br>കരാർ തുക-734413 | 05/10/17 | 19-10-17 | 27-10-17 | 7344 |
| 9 | കൊപ്പം അവിഞ്ഞിയിൽ റോഡ്<br>കരാർ തുക-279544 | 08/10/17 | 22-10-17 | 27-10-17 | 2795 |
| 10 | മുളയ്ക്കലത്തുകാവ് പി എച്ച് സിയിൽ ബാലൻസ് പ്രവൃത്തികൾ<br>കരാർ തുക-327411 | 11/12/17 | 25-12-17 | 03/01/18 | 3274 |
| 11 | ചെങ്കിക്കുന്ന് കായാട്ടുകോണം വെങ്കിടരാമയ്യ റോഡ്<br>കരാർ തുക -188885 | 17-08-2017 | 31-08-2017 | 25/09/17 | 1889 |
| 12 | മുളയ്ക്കലത്തുകാവ് അംഗനവാടി കെട്ടിട നിർമ്മാണം<br>കരാർ തുക-1229982 | 03/03/17 | 17/03/17 | 21-03-2017 | 12300 |
| 13 | മലയാമഠം മയ്യംവിളറോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-188807 | 13-08-2017 | 27-08-2017 | 25-09-2017 | 1888 |
| 14 | ച്ചട്ടയിൽ മേലേവിള റോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-206039 | 29-08-2017 | 12/09/17 | 25-09-2017 | 2060 |
| 15 | വേട്ടയിൽ കോളനി റോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-288263 | 29-08-2017 | 12-09-2017 | 25-09-2017 | 2883 |
| 16 | വെറ്ററിനറി ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റിംഗ് | 13-09-2017 | 27-09-2017 | 05/10/17 | 1843 |

| | | | | | |
|---|---|---|---|---|---|
| | കരാർ തുക-184278 | | | | |
| 17 | മലയാമഠം റോഡ് കോൺക്രീറ്റിംഗ്<br>കരാർ തുക-185502 | 13-09-2017 | 27-09-2017 | 05/10/17 | 1855 |
| 18 | കണ്ണങ്കര കലയ്ക്കോട് റോഡ്കോൺക്രീറ്റിംഗ്<br>കരാർ തുക-185294 | 13-09-2017 | 27-09-2017 | 05/10/17 | 1853 |
| | | | | ആകെ | 62376 |

ഇു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/13-08-2018) തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. യഥാസമയം കരാറുവയ്ക്കാതിരുന്നവരിൽ നിന്നും നിയമാനസൃതമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 62,376/- രൂപയുടെ നഷ്ടം സംഭവിച്ചു. യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനസൃതമുള്ള പിഴ ഈടാക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയറിൽ നിന്നോ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ടി തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-7 പ്രോജക്ട് തയ്യാറാക്കിയതിലെ അപാകത അംഗനവാടി കെട്ടിട നിർമ്മാണത്തിന് അനുവദിച്ച 26,10,000 രൂപ നഷ്ടപ്പെട്ടു.

02-06-2016 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം (2),20-12-2016 ലെ തീരുമാനം (13) എന്നിവ പ്രകാരം സ്വന്തമായി ഭൂമിയുള്ള പോങ്ങനാട്--69, ചെങ്കിക്കുന്ന്-78, കടമ്പാട്ടുകോണം-72 എന്നീ അംഗനവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനോട് അഭ്യർത്ഥിച്ചു. എസ്റ്റിമേറ്റ് തുകയുടെ 40% പഞ്ചായത്ത് വഹിക്കുവാൻ സന്നദ്ധമാണെന്ന വിവരവും അറിയിച്ചു. ഇത് പരിഗണിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18-03-2017 ലെ ICDS A7-3187/16 നടപടി ക്രമം പ്രകാരം 14.5 ലക്ഷം രൂപ യൂണിറ്റ്കോസ്റ്റിൽ ടി അംഗനവാടികളുടെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കി ഉത്തരവായി. 40% തുക ഗ്രാമ പഞ്ചായത്ത് വിഹിതമായി നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുവരുത്തേണ്ടതായിരുന്നു..

എന്നാൽ ടി കെട്ടിടങ്ങളെല്ലാം തന്നെ സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് നഷ്ടപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് മാത്രം ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (29/17-08-2018)ന് 40% തുക പഞ്ചായത്ത് ഫണ്ടും 60% തുക സാമൂഹ്യ നീതി വകുപ്പും ചെലവ് ചെയ്യുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുള്ളതാണെന്നും, തുടർന്നാണ് 40% തുക ഗ്രാമ പഞ്ചായത്ത് വിഹിതമായി നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുവരുത്തേണ്ടതാണെന്നുള്ള വിവരം അറിയിച്ചിട്ടുള്ളതെന്നും, ആയതിനാൽ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നല്കി.

നിർവ്വഹണം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടും അതിൻപ്രകാരം പദ്ധതി നിർവ്വഹണം നടത്താതിരുന്നതു മൂലം 3 അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 3x1450000x60/100=26,10,000/- രൂപ നഷ്ടപ്പെട്ടു. ബന്ധപ്പെട്ട സ്ഥിരം സമിതികളുടെ ഭാഗത്തുനിന്നുണ്ടായ ജാഗ്രത കുറവുമൂലമാണ് ഫണ്ടു നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്ഥിരം സമിതികളും ഗ്രാമപഞ്ചായത്തും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ആസൂത്രണത്തിലെ പിഴവ്- സബ്സിഡി തുക പൂർണ്ണമായും വിതരണം ചെയ്തില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ തൻവർഷം നടപ്പാക്കിയ രണ്ടു പദ്ധതികളായിരുന്നു വനിതാക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയും ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയും പ്രസ്തുത പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എ)പ്രോജക്ട് നം - S0126/18<br>പേര് - വനിതാക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>അടങ്കൽ - വികസനഫണ്ട് 173016<br>മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനം 577388 | ബി)പ്രോജക്ട് നം - S0 128/18<br>പേര് - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>അടങ്കൽ - വികസനഫണ്ട് 40428<br>ആകെ 125856 |

| | |
|---|---|
| ആകെ 750404<br>ചെലവ് - ബിൽ നം. KP 1/17-18/27.1.18 -113538<br>KP 2/17-18/24.3.18-59478<br>ചെക്ക് നം. 2052591/20.3.18-209706 | മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനം 85428<br>ചെലവ് - KP Bill No.3/17-18/ 24.03.2018<br>40428<br>ചെക്ക് നം. 2052591/20.3.18 =40428<br>ചെക്ക് നം. 2052593/20.3.18 =45000 |

മേൽ പദ്ധതികളിൽ ക്രമനം. എയിൽ പരാമർശിച്ചിരിക്കുന്ന പദ്ധതിയിൽ ആകെ 7,50,404/- രൂപ വകയിരുത്തുകയും 3,82,722/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് 3/-രൂപ നിരക്കിൽ ഏപ്രിൽ മുതൽ ജൂലൈ വരെയും 4/-രൂപ നിരക്കിൽ ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ക്രമ നം. ബിയിൽ പരാമർശിക്കുന്ന പദ്ധതിയിൽ ആകെ 1,25,826/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 6 സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 3/- രൂപ നിരക്കിലും ഒക്ടോബറിൽ 2/- രൂപ നിരക്കിലും മാത്രമാണ് സബ്സിഡി നൽകിയിരിക്കുന്നത്. വകയിരുത്തിയിരുന്ന തുക അപര്യാപ്തമായിരുന്നതിനാൽ നവംബർ മുതൽ സബ്സിഡി തുക വിതരണം ചെയ്തിട്ടില്ല. ജി.ഒ(എം.എസ്) നം.72/201/തസ്വഭവ തീയതി 29.3.2017 പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

മേൽ ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളിയാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള കരാർ ചമച്ചിട്ടില്ല.

ക്രമനം. ബിയിലെ പദ്ധതിയിൽ എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡി തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എത്ര തുക കൂടി വകയിരുത്തണമായിരുന്നു, സബ്സിഡിക്ക് അർഹരായ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കിയതിനു ശേഷമാണോ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്, തുടങ്ങിയ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറി 16 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് നം. SO 128/18 പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കൾക്കും കൂടി ആനുകൂല്യം നൽകുന്നതിന് ആകെ 1,24,769/- രൂപ കൂടി വേണമായിരുന്നുവെന്നും എന്നാൽ പ്രോജക്ട് തയ്യാറാക്കുന്ന സമയം തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 1,25,856/- രൂപ മാത്രമേ വകയിരുത്തിയിട്ടുണ്ടായിരുന്നുള്ളൂ എന്നാണ് അറിയിച്ചിരിക്കുന്നത്. കൃത്യമായ ആസൂത്രണത്തിന്റെ അഭാവം മൂലമാണ് ക്രമ നം. എയിലെ പദ്ധതിയിൽ 3,67,682/- രൂപ ചെലവഴിക്കാതെ അവശേഷിക്കുകയും ക്രമ നം.ബിയിലെ പദ്ധതിയിൽ 1,24,769/- രൂപയുടെ കുറവ് വരികയും ചെയ്തത്. വിഭവങ്ങളുടെ വിതരണം സംബന്ധിച്ച് യാതൊരു തരത്തിലുള്ള ചർച്ചയും വർക്കിംഗ് ഗ്രൂപ്പിലോ, വികസനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയിലോ ചർച്ച നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൃത്യമായ ആസൂത്രണത്തോടുകൂടി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഓട്ടോറിക്ഷ വാങ്ങൽ- ആർ.സി ബുക്കിന്റെ പകർപ്പില്ല

പ്രോജക്ട് നം. - SO111/18(സ്പിൽ ഓവർ)

പേര് - ഓട്ടോറിക്ഷ അല്ലെങ്കിൽ പിക്കപ്പ് വാങ്ങൽ

അടങ്കൽ - വികസനഫണ്ട്(SCP) - 550000

ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ -2700000

ആകെ - 3250000

ചെലവ് തുക - ബിൽ നം. 1/30.8.2017- 250000/-

നിർവ്വഹണഉദ്യോഗസ്ഥൻ - വി.ഇ.ഒ

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വായ്പാബന്ധിത പ്രോജക്ടായ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചു എന്ന ബാങ്കിന്റെ അറിയിപ്പ് ലഭിക്കുന്നതിന് മുമ്പ് തന്നെ Unionbank, Kilimanoor ശാഖയിലേക്ക് 250000/- രൂപ ട്രാൻസ്ഫർ ചെയ്തു നൽകി.

2. ഗുണഭോക്താക്കളാരും തന്നെ ഓട്ടോറിക്ഷ/പിക്കപ്പ് എന്നിവ വാങ്ങിയതിന്റെ തെളിവായി ആർ.സി ബുക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ ആർ.സി ബുക്കിൻെറ പകർപ്പ് അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല ആർ.സി ബുക്കിൻെറ പകർപ്പ് ലഭ്യമാക്കാത്ത സാഹചര്യത്തിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൻെറ അഭാവത്തിലും പദ്ധതി ലക്ഷ്യം കൈവരിച്ചുവോയെന്ന് ഉറപ്പാക്കാൻ കഴിയില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്കായി പിൻവലിച്ച തുക 250000/- രൂപ തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 <u>വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 268400/- രൂപ തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പരാമർശിക്കുന്ന പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി തുക ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിലും അവയുള്ള കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| S0003/18 | ഐ.കെ.എം ന് പ്രവർത്തന ഫണ്ട് നൽകൽ | വികസനഫണ്ട് 68400 | ബിൽ നം. 23/29.8.17-68400 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| S00140/18 | ജലശ്രീപദ്ധതിക്കായി ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | വികസനഫണ്ട് 100000 | ബിൽ നം. 8/12.7.17-100000 | കൈപ്പറ്റ് രസിത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| S002/18 | പി.എം.എ.വൈ വിഹിതം നൽകൽ | വികസനഫണ്ട് 100000 | ബിൽ നം. 6/12.7.17-100000 | കൈപ്പറ്റ് രസിത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| | ആകെ | 268400 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തു നൽകിയിട്ടുണ്ടെന്നും അത് ലഭ്യമാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ആകെ ചെലവ് തുക 268400/- രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 <u>ഡെപ്പോസിറ്റ് വർക്കുകളിൽ എഗ്രിമെൻ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവയില്ല- തുക തടസ്സം ചെയ്യുന്നു</u>

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻ്റ് വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി തുക പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളുമായി എഗ്രിമെൻറ് വയ്ക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | അടങ്കൽ | ചെലവ് തുക | നിലവിലെ സ്ഥിതി | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| S0050/18 | വലിയാല്വവിള കുടിവെള്ള പദ്ധതി | വികസനഫണ്ട് 350000 | ബിൽ നം. 16/ 25.7.17-240000<br>30/19.9.17-110000 (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻ്റ് നൽകിയത്) | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ മണിക്കൂറിൽ 500 ലിറ്റർ ജലലഭ്യതമാത്രമേയുള്ളു വെന്നു ഹാൻഡ് പമ്പ് സ്കീംനടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു | പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു. 350000 |

| | | | | | |
|---|---|---|---|---|---|
| | | | | വരുന്നതായും ഗ്രൗണ്ട് വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നു. | |
| S0049/18 | പേരയിൽകോളനി കുടിവെള്ള പദ്ധതി | വികസനഫണ്ട് 340000 | 11/24.7.17- 340000 | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ മണിക്കൂറിൽ 500 ലിറ്റർ ജലലഭ്യത മാത്രമേ ഉള്ളൂവെന്നും ചെലവായ തുക കഴിച്ച് ബാക്കി തുകയായ 310040/- രൂപ പനപ്പാംകുന്ന് കുടിവെള്ള പദ്ധതിനടപ്പാക്കുന്നതിനു വേണ്ടി വക മാറ്റിയിട്ടുണ്ട് എന്ന് ഗ്രൗണ്ട് വാട്ടർ അതോറിറ്റി കത്തു നൽകിയിട്ടുണ്ട്. | പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു. 340000 |
| SO052/18 | കണ്ണങ്കരക്കോണം കുടിവെള്ള പദ്ധതി | വികസനഫണ്ട് 340000 | 17/26.7.17- 340000 (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നൽകിയത്) | സ്ഥലപരിമിതി മൂലം പദ്ധതി ഉപേക്ഷിച്ചതായി ഗ്രൗണ്ട് വാട്ടർ അതോറിറ്റി അറിയിച്ചു. | ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ വരുംവർഷ ങ്ങളിലെ കുടിവെള്ള പദ്ധതികൾക്കു വേണ്ടി വിനിയോഗി ക്കുകയോ ചെയ്യേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു. 340000 |
| SO053/18 | കീഴ് മണ്ണടി കോളനി കുടിവെള്ള പദ്ധതി | വികസനഫണ്ട് 490000 | 15/24.7.17- 340000 29/19.9.17- 150000 (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നൽകിയത്) | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ മണിക്കൂറിൽ 500 ലിറ്റർ ജലലഭ്യതമാത്രമേ ഉള്ളൂവെന്നും ഹാൻഡ് പമ്പ് സ്കീം നടപ്പിലാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഗ്രൗണ്ട് വാട്ടർ അതോറിറ്റി കത്തു നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി | പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു. 490000 |

| | | | | | |
|---|---|---|---|---|---|
| | | | | തീരുമാനപ്രകാരം താഴെപ്പറയുന്ന പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ടെന്നും കത്ത് നൽകിയിട്ടുണ്ട്.<br>കായാട്ടുകോണംകുടിവെള്ള പദ്ധതി-26000<br>കായാട്ടുകോണം കോളനി-10981<br>മാവുവിളകുടിവെള്ള പദ്ധതി-200000 | |
| SO054/18 | പെരിങ്ങേലികോളനി കുടിവെള്ള പദ്ധതി | വികസനഫണ്ട്<br>340000 | 21/23.8.17-340000 (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നൽകിയത്) | പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് കത്തു നൽകിയിരിക്കുന്നു. | പദ്ധതി പൂർത്തീകരിച്ച്, റിപ്പോർട്ട് ചെയ്യേണ്ടതാണ്. 340000 |
| SO07/18 | പൊതുകുഴൽക്കിണർ സംരക്ഷണം | ധനകാര്യകമ്മീഷൻ അവാർഡ് 1950000 | 9/13.7.17-1950000 (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നൽകിയത്) | 9 കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കുകയും 4 പദ്ധതികൾ ഉപേക്ഷിക്കുകയും ചെയ്തതായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കത്തു നൽകിയിട്ടുണ്ട്. 555864/-രൂപ നീക്കിയിരിപ്പുണ്ടെന്ന് അറിയിച്ചിരിക്കുന്നു. | അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയോ വരും വർഷങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു. 555864 |
| SO009/18 | കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ധനകാര്യകമ്മീഷൻ അവാർഡ് 50465 | 10/17.7.17 50465/- (വാട്ടർ അതോറിറ്റിക്ക് നൽകിയത്) കൈപ്പറ്റ് രസീത്, യു.സി എന്നിവയില്ല | | 50465/- രൂപ തുക തടസ്സം ചെയ്യുന്നു |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 14 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളോട് നിയമാനുസൃതം എഗ്രിമെൻറ് വയ്ക്കുന്നതിലേക്കായി രേഖാമൂലം

ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ലായെന്നും പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2466329/- രൂപ തടസ്സം ചെയ്യുന്നു.

## 3-12 തൊഴിലുറപ്പ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല

Financial performance സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷം 170000/- രൂപ പേമെന്റ് ഡ്യൂവായി കാണിച്ചിട്ടുണ്ട് അപ്രകാരം തുക വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. തുക ഗുണഭോക്താകൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ അന്വേഷണത്തിന് (നം.19) ലഭ്യമാക്കിയ മറുപടിയിൽ പെയ്മെന്റ് ഡ്യൂ ആയി കാണിച്ചിട്ടുള്ളതിൽ 95000/- രൂപ റിജക്ഷൻ തുകയും 74000/- രൂപ മെറ്റീരിയൽ പെയ്മെന്റ് ചെയ്യാനുള്ളതും 1000/- രൂപ സെമിസ്കിൽഡിൽ റിജക്ഷനായ തുകയുമാണെന്ന് അറിയിച്ചിട്ടുണ്ട്. ആധാറും അക്കൗണ്ടും ക്യാൻസലായവരാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും പുതിയ ആധാറും അക്കൗണ്ടും എടുപ്പിച്ച് വേതന വിതരണത്തിനായി അയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക ഗുണഭോക്താകൾക്ക് ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ആസൂത്രണത്തിലെ വീഴ്ച – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം. - S0092/18

അടങ്കൽ തുക – 102570 (വികസനഫണ്ട് ജനറൽ)

ചെലവ് തുക - 102570/-

ബിൽ നം.,തുക - 08/17-18/2.9.17 , 74970/-

10/17-18/25.9.17, 27600/-

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്

മേൽ പ്രോജക്ട് പ്രകാരം 23 അംഗൻവാടികൾക്കായി രണ്ട് മോഡലുകളിലുള്ള 23 വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മോഡൽ | എണ്ണം | സ്ഥാപനം | ബിൽ/ ഇൻവോയിസ് നം | തുക |
|---|---|---|---|---|
| വെള്ളം കോരി നിറയ്ക്കുന്നത് | 8 | ടൈടെക് ട്രേഡേഴ്സ്, ഇടപ്പഴിഞ്ഞി | 004/19.09.17 | 27600 |
| പൈപ്പ് കണക്ഷൻ വഴി വെള്ളം ഓട്ടോമാറ്റിക്കായി നിറയുന്ന മോഡൽ | 15 | അലിങ്കൽ സിപ്രീം, ആറ്റിങ്ങൽ | 22/31.8.17 | 74970 |

പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ 23 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്. വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള അംഗനവാടികളെ കുറിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.5/10.08.2018 ന് പൈപ്പ് കണക്ഷൻ ഇല്ലാതെ 7 അംഗനവാടികളും, വൈദ്യുതി കണക്ഷൻ ഇല്ലാതെ 2 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നം. | അംഗൻവാടിയുടെ പേര് | കുട്ടികളുടെ എണ്ണം | കെട്ടിടം | റിമാർക്ക്സ് |
|---|---|---|---|---|
| 66 | വരിങ്ങോട്ട് കോണം | 11 | സ്വന്തം | വെള്ളം ഇല്ല |
| 71 | പുളമ്പള്ളിക്കോണം | 7 | സ്വന്തം | വെള്ളം ഇല്ല |
| 72 | കടമ്പാട്ട്കോണം | 20 | വാടക | വെള്ളം ഇല്ല |

| | | | | |
|---|---|---|---|---|
| 74 | കണ്ണയംകോട് | 12 | സ്വന്തം | വെള്ളം ഇല്ല |
| 81 | കക്കാകുന്ന് | 22 | സ്വന്തം | വെള്ളം ഇല്ല |
| 79 | ആർ.ആർ.വി | 15 | വാടക | വൈദ്യുതി ഇല്ല |
| 82 | ഇടമുറി | 10 | വാടക | വൈദ്യുതി ഇല്ല |

പ്രസ്തുത അംഗൻവാടികൾക്ക് വൈദ്യുതി വെള്ളം എന്നിവയുടെ കണക്ഷൻ നൽകുക എന്ന അനിവാര്യ ചുമതല നിർവ്വഹിക്കാതെ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുകയാണ് പദ്ധതി മുഖേന ചെയ്തിട്ടുള്ളത്. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾപോലും വെള്ളമോ വൈദ്യുതിയോ എത്തിക്കുന്നതിന് മുമ്പ് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കാൻ തീരുമാനിച്ചത് ആസൂത്രണത്തിലെ പിഴവാണ്.

18.03.17,15.05.17 എന്നീ തീയതികളിൽ കൂടിയ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണ് അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ അനുവദിക്കുന്നതിന് ശുപാർശ ചെയ്തത് പ്രസ്തുത യോഗങ്ങളിൽ സാമൂഹ്യനീതി മേഖലയിൽ പ്രവർത്തിക്കുന്ന ആരും തന്നെ വർക്കിംഗ് ഗ്രൂപ്പിൽ അംഗങ്ങളായിട്ടില്ല. സാമൂഹ്യനീതി മേഖലയെ കുറിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പദ്ധതികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് മിനിട്സ് പരിശോധനയിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.05.17 ലെ തീരുമാനം നം I(2) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.05.17 ലെ തീരുമാന നം. 2 എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും അംഗൻവാടികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാതെയാണ് പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ പദ്ധതിക്ക് മേൽ ശുപാർശ ചെയ്തിട്ടുള്ളത്. അപ്രകാരം വികസന സെമിനാറിൽ പദ്ധതി തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ആയതിനാൽ ആസൂത്രണത്തിലെ കെടുകാര്യസ്ഥത മൂലം 15 വാട്ടർ പ്യൂരിഫയറുകൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

തുടർന്നുള്ള പദ്ധതി നടത്തിപ്പുകൾ ആസൂത്രണവേളയിൽ തന്നെ യഥാർത്ഥ്യബോധത്തോടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളിൽ അതാത് മേഖലകളിൽ പ്രാവീണ്യമുള്ളവരെ ഉൾക്കൊള്ളിക്കുവാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ആവശ്യകതാ നിർണ്ണയത്തിലെ വീഴ്ച- പദ്ധതി നടപ്പാക്കിയില്ല

പ്രോജക്ട് നം - SO162/18

പേര് - ഗാർഹിക പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ

അടങ്കൽ - വികസനഫണ്ട്(SCP) - 150300

ഗുണഭോക്തൃവിഹിതം -150300

334 ഭവനങ്ങളിൽ പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതി തൻവർഷം നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതിനു കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമസഭയിൽ ഈ പദ്ധതിക്ക് വേണ്ടത്ര അപേക്ഷ ഉണ്ടായിരുന്നില്ലായെന്നും മെമ്പർമാർ വഴി പ്രചാരണം നടത്തിയെങ്കിലും ഗുണഭോക്താക്കൾ മുന്നോട്ട് വന്നിട്ടുണ്ടായിരുന്നില്ലായെന്നും ഗുണഭോക്തൃലിസ്റ്റും ലഭ്യമല്ലായിരുന്നുവെന്നും അറിയിച്ചിരിക്കുന്നു. 20.12.2017 ലെ കമ്മിറ്റി തീരുമാനം 7/1 പ്രകാരം ഗുണഭോക്തൃവിഹിതം അടയ്ക്കേണ്ടതിനാൽ ആരും അപേക്ഷയുമായി സ്വമേധയാ വരികയില്ലായെന്നും അതിനാൽ വാർഡുകളിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതാത് വാർഡുമെമ്പർമാരെ ഏൽപ്പിക്കുന്നുവെന്നും വാർഡുകളിലെ അയൽക്കൂട്ടങ്ങൾ വഴി അറിയിപ്പ് കൊടുത്ത് മെമ്പർമാർ ലിസ്റ്റ് തയ്യാറാക്കേണ്ടതും അടുത്ത ഗ്രാമസഭയിൽ അംഗീകാരം ലഭ്യമാക്കുന്നതിനും മെമ്പർമാർ തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകുന്നതിന് വി.ഇ.ഒയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ജി.ഒ(പി) 220/97/ത.സ്വ.ഭ.വ തീയതി 2.10.97, ജി.ഒ(പി) 181/98/ത.സ്വ.ഭ.വ തീയതി 2.9.1998 എന്നിവ പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് എന്നിരിക്കെ മെമ്പർമാർ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ വച്ച് അംഗീകരിപ്പിച്ച് ആനുകൂല്യം നൽകാൻ തീരുമാനിച്ചിരിക്കുന്നത് മേൽ ഉത്തരവുകളുടെ

ലംഘനമാണ്. കുടിവെള്ളം, ശുചിത്വം, മാലിന്യ പരിപാലനം എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പുകളിൽ സബ്സിഡി അടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് 14.2.2017ൽ തീരുമാനിച്ചിട്ടുള്ളത്. ആവശ്യകത നിർണ്ണയിച്ചതിന് ശേഷം മാത്രം പ്രോജക്ട് ആവിഷ്കരിക്കാത്തതിനാലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനാകാത്തത്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യകതാനിർണ്ണയം നടത്തി മാത്രം പദ്ധതി ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പാലിയേറ്റീവ് കെയർ പദ്ധതിക്ക് വിഹിതം നൽകൽ-100000/-രൂപ തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | SO 107/18 |
| പേര് | പാലിയേറ്റീവ് കെയർ പദ്ധതിക്ക് വിഹിതം നൽകൽ |
| അടങ്കൽ | 100000/- വി.ഫ(ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നം, തീയതി, തുക | 01/17-18/16.05.17 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

SO107/18 നം പദ്ധതിയിലൂടെ സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന് 100000/- രൂപ വിഹിതം നൽകുകയാണ് ചെയ്തത്.പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് നൽകിയ അന്വേഷണക്കുറിപ്പ് നം. 19/14.08.2018 ന് പ്രസ്തുത പദ്ധതി വിഹിതം ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന വിവരമാണ് മറുപടിയിലൂടെ ലഭ്യമാക്കിയത് .

ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വന്നതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ അന്വേഷണക്കുറിപ്പ് നം 32/18.08.2018 പ്രകാരം ആവശ്യപ്പെട്ടപ്പോൾ നാളിതു വരെ പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല എന്നാണ് വിവരമാണ് മേൽ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 100000/- രൂപ തടസത്തിൽ വെയ്ക്കുന്നു. പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

## 3-16 മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ അപാകതകൾ, 232880/- രൂപ തടസ്സപ്പെടുത്തുന്നു

1) ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(115/ 18)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം 1/ 17-18, തീയതി17-01-2018 പ്രകാരം 2,00,000/-രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് നല്കി. താഴെക്കൊടുത്തിരിക്കുന്നപ്രകാരം 121653 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്.

| ഇൻവോയിസ് നം. | തീയതി | മരുന്നിന്റെ വില |
|---|---|---|
| 90069460 | 21-06-18 | 50870 |
| 90071242 | 30-06-2018 | 34886 |
| 90073046 | 14-07-2018 | 35897 |
| | ആകെ | 121653 |

അപാകതകൾ

1) ആവശ്യപ്പെട്ടിട്ടുള്ള ഔഷധങ്ങളല്ല, ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്.

2) 78347/- രൂപയുടെ ഔഷധങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല.

3) ഔഷധിയുമായി ഏർപ്പെട്ടിട്ടുള്ളകരാറിലെ വ്യവസ്ഥപ്രകാരം തുക കൈപ്പറ്റി 60 ദിവസത്തിനകം ഔഷധി മരുന്നുകൾ വിതരണം ചെയ്യേണ്ടതാണ്. ഇതിനു കഴിഞ്ഞില്ലെങ്കിൽ ഔഷധി നഷ്ട പരിഹാരം നല്കേണ്ടതാണ്. എന്നാൽ നഷ്ട പരിഹാരം ഈടാക്കുവാനോ, മുൻകൂറായി അടച്ച തുകയുടെ ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കുവാനോ കഴിഞ്ഞിട്ടില്ല.

മുകളിൽ കൊടുത്തിട്ടുള്ള കാരണങ്ങളാൽ ചെലവഴിച്ചിട്ടുള്ള 200000/-രൂപ തടസ്സപ്പെടുത്തുന്നു. സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ള മരുന്നുകളും, അവശേഷിക്കുന്ന തുകയുടെ മരുന്നുകളും ഔഷധിയിൽ നിന്നും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) പട്ടികജാതി കുട്ടികൾക്ക് ആയുഷുമായി സഹകരിച്ചുള്ള യോഗാ പരിശീലനം(172/18)

ടി പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി താഴെക്കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചു.

യോഗാമാറ്റ് വാങ്ങുന്നതിനായി ചെലവഴിച്ച തുക-8800/- രൂപ(ബിൽ നം- 5/ 17-18, തീയതി23-03-2018

യോഗാ പരിശീലകന് നല്കിയ തുക-24000രൂപ(ബിൽ നം- 3/ 17-18, 4/ 17-18 ,തീയതി28-03-2018)

അപാകതകൾ

1) പരിശീലനം ലഭിച്ചവരുടെ പട്ടിക, പരിശീലന കാലയളവ് , പരിശീലനം നടത്തിയ സ്ഥലംതുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. യോഗാമാറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല..

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വിവരങ്ങൾ ഹാജരാക്കിക്കൊള്ളാം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ചെലവഴിച്ചിട്ടുള്ള 32880/-രൂപ തടസ്സപ്പെടുത്തുന്നു. കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 ഹോമിയോ ഡിസ്പെൻസറി -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | SO116/18 |
| പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 300000 |
| ബിൽ നം., തീയതി, തുക | 1/17-18, 23.8.17 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് 'HOMCO' യ്ക്ക് കൈമാറിയിട്ടുണ്ട്. (കൈപ്പറ്റ് രസീത് നം. 3661/10.11.17) എന്നാൽ നാളിതുവരെ 150000/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20 ന് ലഭ്യമാക്കിയ മറുപടിയിൽ ബാക്കിയുള്ള 150000/-രൂപയുടെ മരുന്നുകൾ ഉടൻ ലഭ്യമാകും എന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നു ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 233580 | 70/18 നെൽകൃഷി വികസനം | 233580 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3400 | 158/18 ജൈവ സമൃദ്ധി | 3400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3400 | 158/18 ജൈവ സമൃദ്ധി | 3400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 159000 | 55/18 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 124625 | 34375 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 159000 | 55/18 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 124625 | 34375 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | 41/18 കടമ്പാട്ടുകോണം അങ്കണവാടി കെട്ടിടനിർമ്മാണം | 440564 | 59436 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 577388 | 126/18 വനിത ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 209706 | 367682 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 40428 | 128/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 40428 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 45000 | 128/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 45000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | പൊതു കിണറുകൾ സംരക്ഷണം | 1950000 | 0 | 1950000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | പേരയിൽ കോളനി കുടിവെള്ള പദ്ധതി | 340000 | 0 | 340000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | വലിയാലുവിള കുടിവെള്ള പദ്ധതി | 350000 | 0 | 350000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | മണ്ഡപംകുന്ന് കോളനി കുടിവെള്ള പദ്ധതി | 300000 | 0 | 300000 |

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കണ്ണങ്കരക്കോണം കോളനി കുടിവെള്ള പദ്ധതി | 340000 | 0 | 340000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കീഴ്മണ്ണടി കോളനി കുടിവെള്ള പദ്ധതി | 490000 | 0 | 490000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | പെരിങ്ങേലി കോളനി കുടിവെള്ള പദ്ധതി | 340000 | 0 | 340000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കായാട്ടുകോണം വട്ടവിള കോളനി കുടിവെള്ള പദ്ധതി | 220000 | 0 | 220000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കീഴാക്കൽ കുടിവെള്ള പദ്ധതി | 340000 | 0 | 340000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കായാട്ടുകോണം കോളനി കുടിവെള്ള പദ്ധതി | 210000 | 0 | 210000 |
| കെൽട്രോൺ | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 396089 | 198000 | 198089 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2015-16 | 2.3 | 2500 | ഗുരുദേവ് ഐ.റ്റി.ഐ | 117110100501<br>30.05.2017 |
| 2016-17 | 2.1 | 480 | സജാദ്, സജിൻ മൻസിൽ | 117110100471<br>23.05.2017 |

| | | | | |
|---|---|---|---|---|
| 2016-17 | | 105 | സ്മിത, ക്ലർക്ക് | 117110100920<br>24.07.2017 |
| 2016-17 | 2.1 | 285 | റംല ബീവി, ദാറുൾ ഇർഷാദ് | 117110101600<br>10.10.2017 |
| 2016-17 | 2.1 | 129 | നാസറുദ്ദീൻ, വട്ടവിള | 117110101604<br>11.10.2017 |
| 2016-17 | 2.2 | 2500 | സ്റ്റാൻലി | 117110101631<br>13.10.2017 |
| 2016-17 | 2.1 | 462 | ഗിയാസുദ്ദീൻ, ദാറുൾ ഇസ്ലാം | 117110101644<br>17.10.2017 |
| 2016-17 | 2.1 | 312 | ജയശ്രീ, അഞ്ജന മന്ദിരം | 117110101681<br>20.10.2017 |
| 2016-17 | 2.1 | 552 | ഷൈബി, ഷൈബി വില്ല | 117110102051<br>04.11.2017 |
| 2016-17 | 2.1 | 87 | സൈബത്ത് ബീവി, മൈലകുന്നിൽ വീട് | 117110102627<br>15.11.2017 |
| 2016-17 | 2.1 | 315 | ഖുൽസ ബീവി, തോപ്പിൽവീട് | 117110102665<br>16.11.2017 |
| 2016-17 | 2.1 | 285 | സുധ, രശ്മി ഭവൻ | 117110103056<br>25.11.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.9 | 2014 | 4.1.4 | പോങ്ങനാട് സ്കൂൾ കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | തൽ സ്ഥിതി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| |
|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് : 6,64,35,024.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 6,20,69,305.00 |
| വരവിനങ്ങളിലുള്ള നഷ്ടം- ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക: 6146.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : 30,67,609.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 6146 | ശ്രീമതി.ഷീബ എസ്, അസി. എഞ്ചിനീയർ |
| ആകെ | | 6146 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 250000 | ശ്രീമതി.സൗമ്യ, വി.ഇ.ഒ. |
| 3-10 | 268400 | ശ്രീ. ബാബു നന്ദ കുമാർ, സെക്രട്ടറി |
| 3-11 | 2466329 | ശ്രീ. ബാബു നന്ദ കുമാർ, സെക്രട്ടറി |
| 3-15 | 100000 | ഡോ. സുധീർ ജേക്കബ്,മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3-16 | 232880 | ഡോ. ശിവ കുമാർ, മെഡിക്കൽഓഫീസർ, ആയുർവേദം |
| ആകെ | 3317609 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീബ എസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,കിളിമാനൂർ ഗ്രാമ പഞ്ചായത്ത് | ജന്നത്ത്, അവനവഞ്ചേരി, ആറ്റിങ്ങൽ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി: 05-05-2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 6 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 | |
| 2014-15 | കെ എസ് എ റ്റിവിഎം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/16 തീയതി:25.11.2016 | 6 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/2017 | 8 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്